# സാമൂഹ്യശാസ്ത്രം II

## ടീച്ചർടെക്സ്റ്റ്

**(അനുബന്ധം)**

**സ്റ്റാൻഡേർഡ്**

IX

**കേരളസർക്കാർ**

പൊതുവിദ്യാഭ്യാസ വകുപ്പ്


തയാറാക്കിയത്

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം**

**2019**

## 2019–20 അധ്യയനവർഷത്തിൽ മെച്ചപ്പെടുത്തൽ വരുത്തിയ പാഠങ്ങൾ

2. **കാലത്തിന്റെ കയ്യൊപ്പുകൾ**
3. **ദേശീയ വരുമാനം**
6. **സാമ്പത്തിക വളർച്ചയും സാമ്പത്തിക വികസനവും**
7. **സുരക്ഷിതമായ നാളെയ്ക്ക്**

ഓരോ യൂണിറ്റിന്റെയും ടീച്ചർടെക്സ്റ്റിൽ വരുത്തിയ മാറ്റങ്ങൾ നൽകുന്നു.

## കാലത്തിന്റെ കയ്യൊപ്പുകൾ

**കാലത്തിന്റെ കയ്യൊപ്പുകൾ എന്ന പാഠഭാഗത്ത് നിലവിലുള്ള എൽ.ഒ ആയ ഭൂകമ്പങ്ങൾ ഉണ്ടാകാനുള്ള കാരണങ്ങൾ വിശദീകരിക്കുന്നു എന്നത് ഭൂകമ്പങ്ങൾ, സുനാമികൾ എന്നിവ ഉണ്ടാകാനുള്ള കാരണങ്ങൾ വിശദീകരിക്കുന്നു എന്ന് മാറ്റം വരുത്തിയിട്ടുണ്ട്. യൂണിറ്റ് ഫ്രെയിമിൽ ടീച്ചർ ടെക്സ്റ്റിൽ ചേർക്കേണ്ടവ ചുവടെ നൽകുന്നു.**

| ആശയങ്ങൾ/ധാരണകൾ | പഠനപ്രവർത്തനങ്ങൾ/പഠനതന്ത്രങ്ങൾ | പഠനനേട്ടങ്ങൾ |
|---|---|---|
| • സുനാമികൾ<br>– മുന്നറിയിപ്പ് സംവിധാനങ്ങൾ<br>– മുൻകരുതലുകൾ | • ലോകഭൂപടത്തിൽ/ഡിജിറ്റൽ ഭൂപടത്തിൽ സുനാമി ബാധിത പ്രദേശങ്ങൾ അടയാളപ്പെടുത്തുന്നു.<br>• സുനാമി മുന്നറിയിപ്പ് സംവിധാനത്തെക്കുറിച്ച് വിവരശേഖരണം നടത്തി ഒരു പ്രസന്റേഷൻ തയാറാക്കുന്നു.<br>• സുനാമിയിൽ നിന്ന് രക്ഷനേടാൻ എന്തൊക്കെ കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്ന് ലിസ്റ്റ് തയാറാക്കുന്നു. | ഭൂകമ്പങ്ങൾ, സുനാമികൾ എന്നിവ ഉണ്ടാകാനുള്ള കാരണങ്ങൾ വിശദീകരിക്കുന്നു. |

ടീച്ചർടെക്സ്റ്റിൽ പേജ് 154 - ഫലകാതിരുകൾ - എന്ന് തിരുത്തണം.

പാഠപുസ്തകം ചിത്രം 2.6 മാറ്റം വരുത്തിയിട്ടുണ്ട്. - ഭൂപടത്തിൽ അന്റാർട്ടിക്കൻ ഫലകം ഉൾപ്പെടുത്തിയിട്ടുണ്ട് അതിനാൽ ടീച്ചർടെക്സ്റ്റ് പേജ് 154 ലെ 'ചിത്രം 2.6 നൽകിയ ശിലാമണ്ഡല ഫലകങ്ങൾ ചിത്രീകരിക്കുന്ന ഭൂപടത്തിൽ അന്റാർട്ടിക്കൽ ഫലകം പാഠപുസ്തകത്തിൽ ലേബൽ ചെയ്യിക്കാൻ അധ്യാപിക ശ്രദ്ധിക്കണം' എന്ന ഭാഗം ഒഴിവാക്കണം.

ഭൗമചലനങ്ങൾ

ടീച്ചർടെക്സ്റ്റിൽ പേജ് 156 ൽ - ഭൗമചലനങ്ങൾ - രണ്ടാമത്തെ വാക്യത്തിൽ ആന്തരിക ഭൗമചലന ഫലമായാണ് - എന്ന് തിരുത്തണം

**അധികവിവരം**

- ലോകത്തിലെ പ്രധാന സുനാമി ബാധിത പ്രദേശങ്ങൾ
    - 2004 - ഡിസംബർ 26 സുമാത്ര, ജാവ (ഇന്തോനേഷ്യ) തായ്‌ലാന്റ്
    - 2011 മാർച്ച് 11 - ജപ്പാൻ
    - 2011 ഏപ്രിൽ 5 - ചൈന
    - 2018 ജനുവരി 4 - ഇന്തോനേഷ്യ
- ഈ യൂണിറ്റിലെ കേരളത്തിൽ അഗ്നിപർവ്വതങ്ങൾക്ക് സാധ്യതയുണ്ടോ? എന്ന ചോദ്യത്തിനുള്ള വിശദീകരണം - കേരളം ഫലകസീമയിൽ നിന്ന് ഏറെ അകലെയായതിനാൽ സാധ്യത തീരെയില്ല.
- ടീച്ചർടെക്സ്റ്റിലെ വിലയിരുത്തൽ ചോദ്യങ്ങളിൽ ഉൾപ്പെടുത്തേണ്ടവ

1. സുനാമിയിൽ നിന്ന് രക്ഷനേടാൻ നമുക്ക് എന്തൊക്കെ മുൻകരുതലുകൾ സ്വീകരിക്കാൻ കഴിയും. ലിസ്റ്റ് ചെയ്യുക.

**യൂണിറ്റ് - 3**

## ദേശീയവരുമാനം

- ടെക്സ്റ്റ്ബുക്ക് പേജ് നമ്പർ 43 ലെ ഇന്ത്യയിലെ ജി.ഡിപി. ലെ വിവിധമേഖലകളുടെ വിഹിതം (ശതമാനത്തിൽ) കാലികമായി പുതുക്കിയിട്ടുണ്ട്. വിശകലന ചോദ്യങ്ങളിലും മെച്ചപ്പെടുത്തൽ വരുത്തിയിട്ടുണ്ട്.

## യൂണിറ്റ് - 6

# സാമ്പത്തികവളർച്ചയും സാമ്പത്തികവികസനവും

- 2018 ലെ മാനവസന്തോഷസൂചിക വിവരങ്ങൾ ടെക്സ്റ്റ് ബുക്ക് പേജ് നമ്പർ 102 ൽ നൽകിയിട്ടുണ്ട്.

## യൂണിറ്റ് -7

# സുരക്ഷിതമായ നാളെയ്ക്ക്

ടെക്സ്റ്റ്ബുക്ക് പേജ് നമ്പർ 118 ൽ 2018 ൽ കേരളത്തിലുണ്ടായ മഹാപ്രളയ ത്തെക്കുറിച്ച് അധികവിവരം നൽകിയിട്ടുണ്ട്.

*******************